# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 373

## 04/02/2020 ൽ മറുപടി നൽകേണ്ടത്

### വിധവാ പെൻഷൻ

**ചോദ്യം**
ശ്രീ. പി. ടി.എ. റഹിം

**മറുപടി**
ഡോ. ടി.എം തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | വിധവാ പെൻഷൻ ലഭിക്കുന്ന സ്ത്രീകളോട് പുനർവിവാഹം നടത്തിയിട്ടില്ല എന്ന സർട്ടിഫിക്കറ്റിനൊപ്പം ഭർത്താവിന്റെ മരണസർട്ടിഫിക്കറ്റ് കൂടി ഹാജരാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | വിധവാ പെൻഷൻ ഗുണഭോക്താക്കളിൽ ധാരാളം അനർഹർ ഉൾപ്പെട്ടിട്ടുണ്ടെന്ന പരാതികൾ സർക്കാരിൽ ലഭിച്ചതിനെ തുടർന്ന്, വിധവയല്ലാത്ത എന്നാൽ ഭർത്താവിൽ നിന്നും അകന്നുകഴിയുന്ന വ്യക്തികൾക്ക് ചട്ടവിരുദ്ധമായി വിധവാ പെൻഷൻ അനുവദിക്കുന്നത് തടയുന്നതിനായി, വിധവാ പെൻഷൻ ഗുണഭോക്താക്കൾ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്നും, അവിവാഹിത/ വിധവാ പെൻഷൻ ഗുണഭോക്താവ് വിവാഹം/ പുനർവിവാഹം ചെയ്തിട്ടില്ലായെന്നു തെളിയിക്കുന്ന ഒരു ഗസറ്റഡ് ഓഫീസറുടെ/ വില്ലേജ് ഓഫീസറിൽ കുറയാതെയുള്ള റവന്യൂ അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റ് എല്ലാ വർഷവും ഡിസംബർ മാസത്തിൽ ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതാണെന്നും 15.02.2019-ലെ സ.ഉ.(എം.എസ്) നം. 88/19/ധന, 11.12.2019-ലെ സർക്കുലർ നമ്പർ 97/19/ധന. പ്രകാരവും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.<br>വിധവാ പെൻഷൻ അപേക്ഷയോടൊപ്പം ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്/ ഭർത്താവിനെ കാണ്മാനില്ലായെന്ന് റവന്യൂ അധികാരികൾ നൽകിയ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുള്ളവർ വീണ്ടും ആയത് നൽകേണ്ടതില്ല. |

| | | |
|---|---|---|
| (ബി) | പതിറ്റാണ്ടുകൾക്ക് മുമ്പ് മരണപ്പെട്ടവരുടെ മരണസർട്ടിഫിക്കറ്റുകൾ സംഘടിപ്പിക്കുന്നതിലുള്ള പ്രായോഗിക വിഷമം പെൻഷൻ വാങ്ങുന്ന പ്രായമായ സ്ത്രീകളെ പ്രയാസപ്പെടുത്തുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | ഇത്തരത്തിലുള്ള പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. എന്നാൽ വിവാഹമോചനം നേടിയവരും ഭർത്താവുമായി അകന്നു കഴിയുന്നവരുമായ സ്ത്രീകൾ വിധവാ പെൻഷൻ ഗുണഭോക്തൃപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ നിലവിലെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ കഴിയുകയില്ല. പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതെങ്ങനെയെന്ന് പരിശോധിക്കുന്നതാണ്. |
| (സി) | ഇക്കാര്യത്തിൽ ഇളവ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ? | |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ്- വിധവാ പെൻഷൻ ഗുണഭോക്താക്കളും 50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ ഗുണഭോക്താക്കളും അവിവാഹിതരാണെന്നുള്ള സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിലേക്കുള്ള നിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു-

---

**ധനകാര്യ (എസ്.എഫ്.സി. സെൽ - ബി) വകുപ്പ്**

സ.ഉ.(എം എസ് ) നം. 88/2019/ധന. തീയതി, തിരുവനന്തപുരം, 15/02/2019

പരാമർശം :- 31-01-2019 ലെ സ.ഉ(എം എസ്)നം. 59/2019/ധന നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ്**

അവിവാഹിത പെൻഷൻ ഗുണഭോക്താവ് / വിധവാ പെൻഷൻ ഗുണഭോക്താവ് വിവാഹം/ പുനർ വിവാഹം ചെയ്തിട്ടില്ല എന്നു തെളിയിക്കുന്ന ഒരു ഗസറ്റഡ് ഓഫീസറുടെ സർട്ടിഫിക്കറ്റ് എല്ലാ വർഷവും ഡിസംബർ മാസത്തിൽ ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണെന്നും ഇത്തരത്തിൽ സമർപ്പിക്കാത്ത വിധവാ പെൻഷൻ/ അവിവാഹിത പെൻഷൻ ഗുണഭോക്താക്കളുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ , പ്രസ്തുത സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നത് വരെ താൽക്കാലികമായി തടഞ്ഞ് വയ്ക്കേണ്ടതാണ് എന്നും പ്രസ്തുത സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രാദേശിക സർക്കാർ സെക്രട്ടറി പെൻഷൻ പുന:സ്ഥാപിച്ച് നൽകേണ്ടതുമാണെന്നും പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ഇത് സംബന്ധിച്ച് റവന്യൂ അധികാരികളുടെ സർട്ടിഫിക്കറ്റും സ്വീകരിക്കുന്നതിലേക്ക് അനുമതി നൽകണമെന്ന നിർദ്ദേശങ്ങൾ സർക്കാരിൽ ലഭിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. അവിവാഹിത പെൻഷൻ ഗുണഭോക്താവ് / വിധവാ പെൻഷൻ ഗുണഭോക്താവ് വിവാഹം/ പുനർ വിവാഹം ചെയ്തിട്ടില്ല എന്നു തെളിയിക്കുന്ന ഒരു ഗസറ്റഡ് ഓഫീസറുടെ/ വില്ലേജ് ഓഫീസറിൽ കുറയാതെയുള്ള റവന്യൂ അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റ് എല്ലാ വർഷവും ഡിസംബർ മാസത്തിൽ ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. പരാമർശത്തിലെ സർക്കാർ ഉത്തരവിലെ മറ്റ് വ്യവസ്ഥകൾക്ക് മാറ്റം ഉണ്ടായിരിക്കുന്നതല്ല.

3. പരാമർശത്തിലെ സർക്കാർ ഉത്തരവ് ഇത്തരത്തിൽ ഭേദഗതി ചെയ്യുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ ബി**

**ജോയിന്റ് സെക്രട്ടറി ( ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ , തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എല്ലാ മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ സെക്രട്ടറിമാർക്കും ( നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ.

**കേരള സർക്കാർ**

**ധനകാര്യ (എസ്എഫ്. സി-ബി) വകുപ്പ്**

സർക്കുലർ നമ്പർ: 97/2019/ധന തീയതി, തിരുവനന്തപുരം,11.12.2019.

**<u>സർക്കുലർ</u>**

വിഷയം:-സാമൂഹ്യ സുരക്ഷാ പെൻഷൻ - അർഹരായവർക്ക് മാത്രം വിധവാ പെൻഷൻ അനുവദിക്കുന്നതിലേക്കുള്ള നിർദ്ദേശങ്ങൾ നിലവിൽ വിധവാ പെൻഷൻ വാങ്ങുന്നവർക്കും ബാധകമാണെന്ന് വ്യക്തമാക്കി നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :- 25.04.2019 -ലെ 35/2019/ധന നമ്പർ പരിപത്രം.

സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ ധാരാളം അനർഹർ ഉൾപ്പെട്ടിട്ടുണ്ടെന്ന പരാതികൾ സർക്കാരിൽ ലഭിച്ചു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അർഹരായവർക്ക് മാത്രം വിധവാ പെൻഷൻ ലഭിക്കുന്നതിലേക്ക് പരാമർശത്തിലെ പരിപത്രം പ്രകാരം താഴെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്:

1. ഭർത്താവ് മരണപ്പെട്ടുകയോ 7 വർഷത്തിലധികമായി ഭർത്താവിനെ കാണാൻ ഇല്ലാത്തതോ ആയ യഥാർത്ഥ വിധവകൾക്ക് മാത്രമേ വിധവാ പെൻഷൻ അനുവദിക്കാൻ പാടുള്ളൂ.
2. 7 വർഷത്തിലധികമായി ഭർത്താവിനെ കാണാൻ ഇല്ലാത്തവരുടെ കാര്യത്തിൽ റവന്യൂ അധികാരികൾ നൽകുന്ന വിധവാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ വിധവാ പെൻഷൻ അനുവദിക്കാൻ പാടുള്ളൂ.
3. നിയമപരമായി വിവാഹ മോചനം നേടിയവരെ വിധവയായി കണക്കാക്കാനാകില്ല. അതിനാൽ അവർക്ക് വിധവാ പെൻഷൻ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.
4. വിധവയല്ലാത്ത, എന്നാൽ ഭർത്താവിൽ നിന്ന് അകന്ന് കഴിയുന്ന വ്യക്തികൾക്ക് ചട്ട വിരുദ്ധമായി വിധവാ പെൻഷൻ അനുവദിക്കാൻ പാടില്ല.
5. ഇത്തരത്തിൽ വിധവാ പെൻഷൻ അനുവദിക്കുന്ന അവസരത്തിൽ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ് നമ്പർ, തീയതി, സർട്ടിഫിക്കറ്റ് നൽകിയ പ്രാദേശിക സർക്കാർ എന്നിവ സേവനയിൽ രേഖപ്പെടുത്തേണ്ടതാണ്.
6. 7 വർഷമായി ഭർത്താവിനെ കാണാനില്ലാത്തവരുടെ കാര്യത്തിൽ റവന്യൂ അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റിന്റെ നമ്പർ, തീയതി, ഓഫീസ് എന്നിവ സേവനയിൽ രേഖപ്പെടുത്തേണ്ടതാണ്. പ്രസ്തുത സർട്ടിഫിക്കറ്റ് സേവനയിൽ അപ് ലോഡ് ചെയ്യേണ്ടതുമാണ്.

7. മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അനർഹർക്ക് വിധവാ പെൻഷൻ അനുവദിക്കുകയാണെങ്കിൽ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതിന് പ്രാദേശിക സർക്കാരിലെ ബന്ധപ്പെട്ടവർ ബാധ്യസ്ഥരായിരിക്കും.

2. പ്രസ്തുത പരിപത്രത്തിലെ നിർദ്ദേശങ്ങൾ നിലവിൽ പെൻഷൻ വാങ്ങുന്നവർക്കും ബാധകമാണ്. നിലവിൽ വിധവാ പെൻഷൻ ലഭിച്ചുവരുന്നവരുടെ അർഹത മേൽ സൂചിപ്പിച്ച നിർദ്ദേശ പ്രകാരം പുനഃപരിശോധിക്കേണ്ടതും അർഹരായവർക്ക് മാത്രമേ വിധവാ പെൻഷൻ ലഭിക്കുന്നുള്ളൂ എന്നും എല്ലാ പ്രാദേശിക സർക്കാർ സെക്രട്ടറിമാരും ഉറപ്പ് വരുത്തേണ്ടതുമാണ്.

**പ്രതീപ് കുമാർ. ബി.**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്. എസ്. എ), കേരള, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
4. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്.
5. പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (സർക്കുലറിന്റെ പകർപ്പ് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ലഭ്യമാക്കേണ്ടതാണ്).
6. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (സർക്കുലറിന്റെ പകർപ്പ് എല്ലാ മുനിസിപ്പാലിറ്റികൾക്കും, മുനിസിപ്പൽ കോർപ്പറേഷനുകൾക്കും ലഭ്യമാക്കേണ്ടതാണ്).
7. എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
8. എല്ലാ മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന).
9. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.
10. ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
11. നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
12. ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (എസ്. എഫ്.സി.-ബി2/30/2018/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ